LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം 2007-2008, 2008-2009 കാലയളവിൽ വെള്ളനാട്, നെടുമങ്ങാട് ബ്ലോക്കുകളിൽ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.† ബ്ലോക്ക്തല ചർച്ചകളിൽ ഉരുത്തിരിഞ്ഞ പ്രോജക്ടുകൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് ആർ.കെ.വി.വൈ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്നതിന് സമർപ്പിക്കുകയും അംഗീകാരം ലഭിച്ചതിനുശേഷം പ്രസ്തുത പദ്ധതികൾ ബ്ലോക്ക്തലത്തിൽ നടപ്പാക്കുകയുമാണ് ചെയ്തത്.

കിസാൻ അഭിമാൻ സ്കീം

201 (5611) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിസാൻ അഭിമാൻ സ്കീം പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം പെൻഷൻ നൽകുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡല പരിധിയിൽ എത്ര കർഷകർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും എത്ര രൂപയാണ് പെൻഷൻ നൽകി വരുന്നതെന്നും വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലേയും കർഷക പെൻഷണർമാരുടെ എണ്ണം വ്യക്തമാക്കുമോ ;

(ഡി) നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് പെൻഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ ; പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 4314 പേർക്ക് പെൻഷൻ നൽകുന്നുണ്ട്.

(ബി) 453 പേർക്ക് 300 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ നൽകി വരുന്നു.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി)

മുനിസിപ്പാലിറ്റി/പഞ്ചായത്ത്	കർഷകരുടെ എണ്ണം
ഒറ്റപ്പാലം മുനിസിപ്പാലിറ്റി	40
അമ്പലപ്പാറ പഞ്ചായത്ത്	111
കടമ്പഴിപ്പുറം പഞ്ചായത്ത്	45
കരിമ്പുഴ പഞ്ചായത്ത്	16
ലക്കിടി പേരൂർ പഞ്ചായത്ത്	117
പുക്കോട്ട് കാവ് പഞ്ചായത്ത്	30
ശ്രീകൃഷ്ണപുരം പഞ്ചായത്ത്	68
തച്ചനാട്ടുകര പഞ്ചായത്ത്	26
ആകെ	453

(ഡി) മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. പത്ത് വർഷത്തോളം കാർഷികവൃത്തിയിൽ വ്യാപൃതനാകുകയും, കൃഷി മുഖ്യ ഉപജീവന മാർഗ്ഗവുമായിട്ടുള്ള കർഷകനായിരിക്കണം. നെൽകൃഷി ചെയ്യുന്ന കർഷകർക്കായി അംഗത്വം പരിമിതപ്പെടുത്തിയിട്ടുണ്ട്.

2. മറ്റ് ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭിക്കാത്തവരും, കൃഷിയിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരും, ഒരു ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമിയുള്ളവരും, 60 വയസ്സ് പൂർത്തിയായവരുമായിരിക്കണം.

3. ഏറ്റവും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് നെൽകൃഷി ചെയ്യുന്നവരാകണം.

4. ഒരു കുടുംബത്തിൽ ഒരാൾക്ക് മാത്രമായിരിക്കും അംഗത്വം.

5. കർഷകൻ/കർഷകയുടെ കുടുംബാംഗങ്ങൾക്ക്(ഭാര്യ/ഭർത്താവ്/മക്കൾ) വിവിധ സ്രോതസ്സുകളിൽ നിന്നും സ്ഥിരം വരുമാനം ലഭിക്കുന്നുവെങ്കിൽ പദ്ധതിയാനുകൂല്യത്തിനും അംഗത്വത്തിനും അർഹതയുണ്ടാവില്ല.

6. പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് മുൻഗണന നൽകിക്കൊണ്ടാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

കിസാൻ അഭിമാൻ പദ്ധതി പ്രകാരമുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം മറ്റൊരവസരത്തിൽ പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly